**File No.LSGD-EPB1/135/2020-LSGD**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെകട്ടറിയായിരിക്കെ മരണപ്പെട്ട ജോൺ വി. ജോണിന്റെ ഓണം അഡ്വാൻസ് തുക എഴുതിതള്ളി ടിയാന്റെ സറണ്ടർ തുകയിൽ നിന്നും റിക്കവറി നടത്തിയ തുക പരേതന്റെ അനന്തരാവാകാശിക്ക് നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2227/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/11/2020

---

പരാമർശം:- 1 സ.ഉ.(അച്ചടി)91/17/ധന. തീയതി. 17.07.2017

2 പഞ്ചായത്ത് ഡയറക്ടറുടെ 03.07.2020-ലെ PAN/12151/2019-A2(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വരവേ 20.10.2016-ൽ മരണപ്പെട്ട ജോൺ വി. ജോൺ എന്നയാൾ ഓണം അഡ്വാൻസായി എടുത്ത 15,000/- രൂപ ടിയാളുടെ സറണ്ടർ തുകയിൽ നിന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിക്കവറി നടത്തിയിരുന്നുവെന്നും ധനകാര്യ വകുപ്പിന്റെ പരാമർശം (1) ലെ ഉത്തരവ് പ്രകാരം ടിയാന്റെ ഓണം അഡ്വാൻസ് തുക എഴുതി തള്ളുന്നതിന് നടപടി സ്വീകരിക്കണമെന്നും ശുപാർശ ചെയ്ത് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം സർവ്വീസിലിരിക്കേ മരണമടഞ്ഞ ജീവനക്കാരന്റെ 5 ലക്ഷം രൂപ വരെയുള്ള സംസ്ഥാന ബാധ്യത എഴുതി തള്ളാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ബാധ്യതകളിൽ ഓണം അഡ്വാൻസും ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വരവേ 20.10.2016-ൽ മരണപ്പെട്ട ജോൺ വി.ജോൺ എന്നയാൾ ഓണം അഡ്വാൻസായി എടുത്ത 15,000/- രൂപ എഴുതി തള്ളുന്നതിനും, ടിയാന്റെ സറണ്ടർ തുകയിൽ നിന്നും റിക്കവറി നടത്തിയ തുക പരേതന്റെ അനന്തരാവാകാശിക്ക് നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എ

ഡെപ്യൂട്ടിസെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

2. പാമ്പാക്കട ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയായിരിക്കെ മരണപ്പെട്ട ജോൺ വി. ജോണിന്റെ അനന്തരാവകാശിക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SUDHEER S S
Date: 2020.11.27 1[illegible]:34 IST
Reason: Approved

സെക്ഷൻ ഓഫീസർ